*പൊതുവിദ്യാഭ്യാസഡയറക്റ്ററുടെ കാര്യാലയം*
*ഹയർ സെക്കൻററി വിഭാഗം,*
*ന്യൂ ബിൽഡിംഗ്, ഉള്ളൂർ ലയിൻ*
*ഡി.പി.ഐ.ജംഗ്ഷൻ,ജഗതി,*
*തിരുവനന്തപുരം-1*

**ICT Cell/1771/DGE-HSE/2024** **20/11/2024**

# <u>സർക്കുലർ</u>

(അതീവ അടിയന്തിരം)

വിഷയം:സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരുടെ സർവീസ് വിവരങ്ങൾ സമർപ്പിക്കൽ-പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ

സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെ ഹയർസെക്കണ്ടറി സർവീസ് വിവരങ്ങൾ അഡ്മിഷൻ വെബ്സൈറ്റിലെ(**https://hscap.kerala.gov.in**) അഡ്മിൻ ലോഗിനിലെ **Principal Details Entry** എന്ന ലിങ്കിലൂടെ 2024 നവംബർ 27 ന് വൈകിട്ട് 5 മണിയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്,പ്രിൻസിപ്പാളായി നിയമനം ലഭിച്ച വിവരങ്ങൾ,ജോയിൻ ചെയ്ത തീയതി,നിലവിലെ സ്കൂളിൽ ജോയിൻ ചെയ്ത തീയതി എന്നീ വിവരങ്ങൾ **Principal Details** എന്ന ആദ്യ ഭാഗത്തും പ്രിൻസിപ്പാളായി മറ്റ് സ്കൂളുകളിൽ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങൾ **Previous Employment Details as Principal** എന്ന രണ്ടാമത്തെ ഭാഗത്തും രേഖപ്പെടുത്തേണ്ടതാണ്. നിലവിൽ വിവരങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ കൃത്യത ഉറപ്പാക്കി കൺഫർമേഷൻ പൂർത്തിയാക്കേണ്ടതാണ്. അന്തിമ റിപ്പോർട്ടിന്റെ പ്രിന്റ് തപാൽ മാർഗം ഐ.സിറ്റി.സെല്ലിൽ ലഭ്യമാക്കേണ്ടതാണ്.ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന പ്രിൻസിപ്പൽമാരുടെ പ്രവൃത്തി ഗുരുതര കൃത്യവിലോപമായി കണക്കാക്കുന്നതും വകുപ്പ് തല ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതുമാണ്.



**ജോയിൻറ്ഡയറക്ടർ(അക്കാഡമിക്)**
**പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി**